"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>
<u>സമയബന്ധിതം</u>

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/18750/16

ചാക്ക, തിരുവനന്തപുരം
തീയതി: 03.03.2017

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2017- കീ-ആൻസർ പ്രസിദ്ധപ്പെടുത്തിയത് - പരിശോധിച്ച് അപാകതകളുടെ വിവരങ്ങൾ അറിയിക്കാൻ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

----------

ഫെബ്രുവരി 2017 ൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്റെ എഴുത്ത് പരീക്ഷകളുടെ കീ-ഉത്തരങ്ങൾ ഇപ്പോൾ എം.ഐ.എസ്. പോർട്ടലിൽ ഡി.ജി.റ്റി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കീ ഉത്തരങ്ങൾ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതത് സ്ഥാപനമേധാവികൾ പ്രസ്തുത കീ ഉത്തരങ്ങൾ വിശദമായി പരിശോധിക്കേണ്ടതും ടി കീ-ഉത്തരങ്ങളെ സംബന്ധിച്ച പരാതികളും അഭിപ്രായങ്ങളും ഉണ്ടെങ്കിൽ ആയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോർമാറ്റിൽ ഉൾപ്പെടുത്തി എക്സൽ ഫയൽ ആയി **10/03/2017** നകം deputydirectoroftraining@gmail.com എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ട്രെയിനികളിൽ നിന്നും ഇൻസ്ട്രക്ടർമാരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളുടെ ആധികാരികത ഉറപ്പു വരുത്തി ഫോർമാറ്റിൽ ഉൾപ്പെടുത്താൻ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡി.ജി.റ്റി. യെ ടി വിവരങ്ങൾ സമയബന്ധിതമായി അറിയിക്കേണ്ടതുള്ളതിനാൽ ടി തീയതിക്ക് ശേഷം ലഭിക്കുന്ന പരാതിയിൻമേൽ തുടർ നടപടികൾ സ്വീകരിക്കുകയില്ല എന്നും അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- പ്രഫോർമ (എക്സൽ ഫോർമാറ്റിൽ)

എല്ലാ സ്ഥാപനമേധാവികൾക്കും

<u>പകർപ്പ്</u>
വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/04.03